**2025-ലെ ഇന്ത്യൻ സൊസൈറ്റി ഓഫ് ന്യൂറോ അനസ്തീഷ്യോളജി ആൻഡ് ക്രിട്ടിക്കൽ കെയറിന്റെ (ISNACC) 26-ാം വാർഷിക ദേശീയ സമ്മേളനത്തിന് ശ്രീചിത്ര തിരുനാൾ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് വേദിയാകും**

ഇന്ത്യൻ സൊസൈറ്റി ഓഫ് ന്യൂറോ അനസ്തീഷ്യോളജി ആൻഡ് ക്രിറ്റിക്കൽ കെയറിന്റെ (ISNACC) 26-ാം വാർഷിക സമ്മേളനം 2025 ജനുവരി 24 മുതൽ 26 വരെ തിരുവനന്തപുരത്ത് കോവളത്ത് കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ നടക്കും. വിവിധ മേഖലകളിൽ നിന്നുള്ള പ്രതിഭാധനരായ ഡോക്ടർമാരും ഗവേഷകരും പങ്കെടുക്കുന്ന ഈ വേദി ന്യൂറോ അനസ്തീഷ്യയും ക്രിറ്റിക്കൽ കെയറുമായി ബന്ധപ്പെട്ട ചികിത്സകരുടെ ചർച്ചകൾക്ക് ഉത്തമ വേദിയാകും.

ജനുവരി 24-ാം തീയതി നടക്കുന്ന ഉദ്ഘാടനം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ പ്രസിഡന്റായ സേനാപതി "ക്രിസ്" ഗോപാലകൃഷ്ണന്റെ സാന്നിദ്ധ്യത്തിൽ  നടക്കും. തിരുവിതാംകൂർ രാജകുടുംബത്തിലെ രാജകുമാരൻ ഹിസ് ഹൈനസ് അവിട്ടം തിരുനാൾ ആദിത്യ വർമ്മ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് മാനേജിംഗ് ഡയറക്ടറും കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പ് ഡയറക്ടറുമായ ഡോ. ദിവ്യ എസ്. ഐയർ, ISNACC പ്രസിഡന്റ് ഡോ. വി. ഭദ്രനാഥ് നാരായണൻ, ISNACC സെക്രട്ടറി ഡോ. ഗിരിജ പ്രസാദ് രഥ് എന്നിവർ ഉൾപ്പെടെയുള്ള പ്രമുഖ അതിഥികൾ ഈ പരിപാടിയിൽ പങ്കെടുക്കും.

ISNACC സമ്മേളനത്തിന്റെ ആദ്യ പ്രഭാഷണത്തിന്റെ പ്രമേയംവിഷയം "Synapses to Survival - Navigating the Neuroverse" ആണ്. രോഗികളുടെ പരിചരണം മെച്ചപ്പെടുത്തുന്നതിന് പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കാനും വിവിധ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കാനുമുള്ള ആവശ്യകത ഈ സമ്മേളനം ഊന്നിപ്പറയുന്നു. ന്യൂറോ അനസ്തേഷ്യോളജിയിലും ന്യൂറോ ക്രിട്ടിക്കൽ കെയറിലും ഉണ്ടായ സമകാലിക മാറ്റങ്ങളിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും.മൂന്ന് ദിവസങ്ങളിലായി നീണ്ടു നിൽക്കുന്ന ഈ പരിപാടിയിൽ പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, വർക്ക്ഷോപ്പുകൾ, ന്യൂറോ അനസ്തീഷ്യയും ന്യൂറോ ക്രിറ്റിക്കൽ കെയറുമായി ബന്ധപ്പെട്ട വിപ്ലവാത്മക ഗവേഷണങ്ങളുടെ അവതരണങ്ങൾ എന്നിവ ഉൾപ്പെടുന്നു.

വിവിധ ചികിത്സാശാഖകൾ തമ്മിൽ പുതിയ സഹകരണങ്ങൾ സ്ഥാപിക്കുന്നതിനും ചികിത്സാശാഖകൾക്കും വ്യവസായങ്ങൾക്കുമിടയിൽ നൂതന ആശയങ്ങൾ ഉണർത്തുന്നതിനും ഈ സമ്മേളനം അവസരങ്ങൾ സൃഷ്ടിക്കും.